**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3731** **06-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാകാത്തതുമൂലവും ടവറുകളുടെ അഭാവത്തിൽ കേബിൾ നെറ്റ്‌വർക്ക് ലഭ്യമല്ലാത്തതുമൂലവും വിദ്യാർത്ഥികളുടെ ഡിജിറ്റൽ പഠനത്തിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ഉറപ്പാക്കാനായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എത്ര സമയത്തിനുള്ളിൽ ഉറപ്പുവരുത്തുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഡിജിറ്റൽ കണക്ടിവിറ്റി തീരെ കുറഞ്ഞതും ഭാഗികമായി മാത്രം ലഭ്യമായതുമായ കോളനികളുടെ വിവരങ്ങൾ ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ടെലകോം, ഇന്റർനെറ്റ് സേവന ദാതാക്കളുമായി ബന്ധപ്പെട്ട് സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളുടെ പട്ടിക കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ കോളനികളിൽ സൗരോർജ്ജം ഉൾപ്പെടെയുള്ള സാധ്യതകൾ കെ.എസ്.ഇ.ബി പരിശോധിച്ചുവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള പൊതു വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വിദ്യാർത്ഥികളിൽ, നിലവിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര പേരുണ്ട്; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43952 വിദ്യാർത്ഥികളുണ്ട്. |

സെക്ഷൻ ഓഫീസർ